# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 806 — 04.03.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ട് എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിട്ട് പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1) മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>2) തീറ്റപ്പുൽക്കൃഷി വികസന പദ്ധതികൾ<br>3) കാലിത്തീറ്റ സബ്സിഡി<br>4) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം<br>5) അവശ്യാധിഷ്ഠിത സഹായപദ്ധതികൾ<br>6) ഹീഫർ പാർക്ക്<br>7) ക്ഷീരഗ്രാമം<br>8) ക്ഷീരകർഷകർക്കായുള്ള ബോധവൽക്കരണ പരിപാടികൾ<br>9) ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം<br>10) സമഗ്ര ഇൻഷുറൻസ് പദ്ധതി<br>11) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പദ്ധതികൾ<br>12) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര സഹായം. ക്ഷീരകർഷക ക്ഷേമനിധി അവാർഡുകൾ, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു. |
| (ബി) സംസ്ഥാനത്തിന്റെ ആവശ്യകതയുടെ എത്ര ശതമാനം പാലാണ് ഇപ്പോൾ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) സംസ്ഥാനത്തെ ആവശ്യകതയുടെ ഏകദേശം 85 ശതമാനത്തിലധികം പാൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മേഖലയിൽ സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷീരഗ്രാമം പദ്ധതി ക്ഷീരോത്പാദന രംഗത്ത് വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ക്ഷീരോല്പാദനത്തിനും ക്ഷീരവൃത്തിയ്ക്കും അനുയോജ്യമായതും കൂടുതൽ പാലുല്പാദന സാധ്യതയുമുള്ള പഞ്ചായത്തുകളിലാണ് 2016-17 മുതൽ ക്ഷീരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കുന്നത്.<br>ഈ പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2016-17-നെക്കാൾ 2019-20-ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.84 ലക്ഷം ലിറ്ററിന്റെ വർദ്ധനവ് ഉണ്ടാക്കുന്നതിനും കൂടാതെ, കുറഞ്ഞുവന്നിരുന്ന കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ക്ഷീരകർഷകരെ പ്രത്യേകിച്ച് വനിതകളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**